## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്-ഉദ്യോഗക്കയറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1) ഉത്തരവ് നമ്പർ ഇ.എസ്2-(സ്പെഷ്യസെൽ) 67069/06/ ആ.വ.ഡ, തീയതി 29.09.2007.

2) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ2-7136/2016, തീയതി 01/02/2017.

### ഉത്തരവ് നമ്പർ ഇ.ഡി1-9/2017/ആ.വ.ഡ,തീയതി 28/03/2017

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഷംഷീർ എ. എസ്., 28/02/2017 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിലൂടെ അവിടെ ജൂനിയർ സൂപ്രണ്ടിന്റെ ഒരു ഒഴിവ് ഉണ്ടായിരിക്കുന്നു. സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 271 വരെയുള്ള ഹെഡ് ക്ലർക്കുമാർ ഈ ഓഫീസിലെ 10/02/2017 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. റാങ്ക് നമ്പർ 272 സർവ്വീസിൽ നിന്നും വിരമിച്ചു.

സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 273 ശ്രീ. കെ. പി. മുരളീധരൻ, ഹെഡ് ക്ലാർക്ക്, ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട, തൃശ്ശൂർ, (ജനന തീയതി 13/05/19965) നെ രൂപ 30700-65400 ശമ്പള സ്കെയിലിൽ റൂൾ 31(എ)കെ.എസ് & എസ്.എസ്.ആർ പ്രകാരം താൽക്കാലികമായി ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ നിലവിലെ ഒഴിവിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീ. കെ. പി. മുരളീധരനെ 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണത്തിൽ കാലം പൂർത്തീകരിക്കേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്

പി. ഉഷാറാണി

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ, പാലക്കാട്.
3. സൂപ്രണ്ട്, ജനറൽ ആശുപത്രി ഇരിങ്ങാലക്കുട, തൃശ്ശൂർ.
4. ഫയൽ/കരുതൽ ഫയൽ

അംഗീകരിച്ചത്

സൂപ്രണ്ട്